| വർക്ക്ഷീറ്റ് 6 | അടിസ്ഥാനപാഠാവലി | 06-08-2020 |
|---|---|---|

# ഓരോ വിളിയും കാത്ത്

**ക്ലാസ് കാണാൻ വിക്ടേഴ്സ് ഐക്കൺ ക്ലിക്ക്ചെയ്യുക/ക്യു.ആർ കോഡ് സ്കാൻ ചെയ്യുക**

KITE VICTERS

1. ശ്രീ.എം ടി വാസുദേവൻ നായർ സംവിധാനം ചെയ്ത **ഒരു ചെറുപുഞ്ചിരി** എന്ന സിനിമയുടെ ഒരു ഭാഗം താഴെ കൊടുത്ത ലിങ്ക്/ക്യു.ആർ കോഡ് ഉപയോഗിച്ച് കാണൂ..

(https://d1v6qmyxzkp4v1.cloudfront.net/uploads/10/MBT/880/3029/10_Ch880_22554.mp4)

നിങ്ങൾ കണ്ട ചലച്ചിത്രഭാഗം നൽകുന്ന സന്ദേശമെന്താണ്? ഇതിലെ അമ്മയും **ഓരോ വിളിയും കാത്ത്** എന്ന കഥയിലെ അമ്മയും പറയുന്ന കാര്യങ്ങൾ സമാനമല്ലേ ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

2. വീടിനെക്കുറിച്ച് നിങ്ങൾക്കെല്ലാം വ്യത്യസ്ത സങ്കല്പങ്ങളും കാഴ്ചപ്പാടുകളും ഉണ്ടാകും. എന്തായിരിക്കണം, എങ്ങനെയുള്ളതായിരിക്കണം ഒരു വീട് ? നിങ്ങളുടെ ചിന്തകളും സങ്കല്പങ്ങളും മനസ്സു തുറന്നെഴുതുക.

3. യു കെ കുമാരന്റെ കഥയിലെ വൃദ്ധ കഥാപാത്രങ്ങളെപ്പോലെയുള്ള ചിലരെ നമ്മുടെ ജീവിത പരിസരങ്ങളിൽ കണ്ടെത്താൻ കഴിയുമല്ലോ. അത്തരം വ്യക്തികളുടെ ജീവിതാവസ്ഥകൾ ഒരു കുറിപ്പിലൂടെ ക്ലാസിൽ പങ്കുവെയ്ക്കൂ.

4. “ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ”
- അച്ഛന്റെ മരണശേഷം അമ്മയെ തനിച്ചാക്കി നഗരത്തിലേക്ക് പോകാൻ നിർബന്ധിതനായ മകന്റെ ചിന്തകൾ എന്തെല്ലാമായിരിക്കും ? എഴുതി നോക്കൂ.

5. “ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ **ശബ്ദങ്ങളുടെ കരിയിലകൾ** അപ്പാടെ പാറിപ്പോയിരിക്കുന്നു.”

**ശബ്ദങ്ങളുടെ കരിയിലകൾ** എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ എന്തെല്ലാമാണ്? അച്ഛന്റെ മരണത്തെ ത്തുടർന്നുള്ള വീട്ടിലെ അവസ്ഥയെ സൂചിപ്പിക്കുന്ന ഇത്തരം വാക്യങ്ങൾ കണ്ടെത്തിയെഴുതുക.

6. “ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാവുന്നില്ല.”

വീട് എന്നത് വെറുമൊരു കെട്ടിടം മാത്രമല്ല ; ഊഷ്മളമായ കുടുംബബന്ധങ്ങളാണ് വീടിനെ വീടാക്കുന്നത്. വീടിനെക്കുറിച്ചുള്ള എഴുത്തുകാരന്റെ സങ്കല്പം തന്നെയാണ് ഈ കഥാഭാഗത്ത് തെളിയുന്നത്. സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.